## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2554** **12.2.2020 -ൽ മറുപടിയ്ക്ക്**

### കോവളം ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അഭാവം

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അഭാവം കോവളത്തെ ടൂറിസം വികസനത്തിന് തിരിച്ചടി ആയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. കോവളത്ത് എത്തുന്ന സഞ്ചാരികൾക്കായി ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| ബി) | ടൂറിസം വികസനത്തിനായി ലക്ഷങ്ങൾ ചെലവാക്കിയതായി പ്രഖ്യാപിക്കുമ്പോഴും പല പദ്ധതികളും എങ്ങുമെത്താത്ത സ്ഥിതി പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആവിഷ് ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സുഗമമായി പുരോഗമിക്കുന്നുണ്ട്. തടസ്സം നേരിട്ടിരുന്ന പഴയ പദ്ധതികളുടെ തടസങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. . പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തുന്നതിനായി വിവിധ തലങ്ങളിൽ പരിശോധനയും അവലോകനവും നടത്തുന്നുണ്ട്. |
| സി) | കോവളത്തിന്റെ സമഗ്ര വികസനത്തിനായി വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | സി) | കോവളത്തിന്റെ സമഗ്ര വികസനത്തിനായ് വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| ഡി) | സമുദ്ര ബീച്ചിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് അരക്കോടി രൂപ ചെലവിൽ നിർമ്മിച്ച ഉദ്യാന പാർക്ക് പൊളിച്ച് പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോവളത്തിന്റെ സമഗ്ര വികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടു കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സഞ്ചാരികൾക്കു കൂടുതൽ സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായാണ് പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. അതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ഉദ്യാന പാർക്ക് കൂടുതൽ മോടിപിടിപ്പിക്കുന്നതിനും ഉപയോഗ ശൂന്യമായി കിടക്കുന്ന ടോയ്‌ലറ്റ് കോംപ്ലക്സ് |

| | | | |
|---|---|---|---|
| | | | ആധുനിക രീതിയിൽ പരിഷ് ക്കരിച്ച് അതിനോട് ചേർന്ന് തന്നെ കഫെട്ടീരിയ നിർമ്മിക്കുന്നതിനുമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തന്നെ കൽമണ്ഡപങ്ങൾ, ,റോളർ സ് കേറ്റിങ് റിങ് ,ഫേഷ്യൽ വാൾ എന്നിങ്ങനെയുള്ള പുതിയ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് |
| ഇ) | പ്രസ്തുത നിർമ്മാണ പ്രവർത്തനം നിലവിൽ ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | ഇ) | പ്രസ്തുത നിർമ്മാണത്തിന്റെ ചുമതല ഊരാളുങ്കൽ ലേബർ കോൺടാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ